പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1432

13-6-2014-ൽ മറുപടിക്ക്

ബാറുകൾക്ക് നിരാക്ഷേപ പത്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം: | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ബാറുകൾക്ക് നിരാക്ഷേപ പത്രം നൽകാനുള്ള നിയമഭേദഗതി വന്ന ശേഷം എത്ര മുനിസിപ്പാലിറ്റികൾ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 7 നഗരസഭകൾ നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. മറ്റു നഗരസഭകൾ ഒന്നും തന്നെ നിരാക്ഷേപ പത്രം നൽകിയിട്ടില്ല. |
| (ബി) | അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കാഞ്ഞങ്ങാട്, അടൂർ, തിരുവനന്തപുരം, പത്തനംതിട്ട, കൂത്തുപറമ്പ്, നെടുമങ്ങാട്, കായംകുളം |
| (സി) | ഇവിടങ്ങളിൽ ഭരണം നടത്തുന്നത് എൽ.ഡി.എഫ് ആണോ, യു.ഡി.എഫ് ആണോയെന്ന് വ്യക്തമാക്കുമോ; | (സി) | കാഞ്ഞങ്ങാട് -യു.ഡി.എഫ്<br>അടൂർ -യു.ഡി.എഫ്<br>തിരുവനന്തപുരം -എൽ.ഡി.എഫ്<br>പത്തനംതിട്ട -യു.ഡി.എഫ്<br>കൂത്തുപറമ്പ് -എൽ.ഡി.എഫ്<br>കായംകുളം -യു.ഡി.എഫ്<br>നെടുമങ്ങാട് -എൽ.ഡി.എഫ്<br>കൊച്ചി കോർപ്പറേഷൻ വൈറ്റിലയിൽ മലബാർ ഇല്ലം എന്ന ഹോട്ടലിന് 11-2-2013-ലെ കൗൺസിൽ തീരുമാനപ്രകാരം നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. അതിലുള്ള പൊതു എതിർപ്പുമൂലം പ്രസ്തുത നിരാക്ഷേപ പത്രം 4-7-2013-ലെ സ്പെഷ്യൽ കൗൺസിൽ കൂടി ആയത് റദ്ദ് ചെയ്തിട്ടുള്ളതാണ്. നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച് കാഞ്ഞങ്ങാട്, കായംകുളം, നെടുമങ്ങാട് എന്നീ നഗരസഭകൾ എടുത്തിട്ടുള്ള തീരുമാനങ്ങൾ പരാതികളുടെ അടിസ്ഥാനത്തിൽ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിയമ ഭേദഗതി കൂടുതൽ അഴിമതിക്ക് ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ